**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 257** **07-06-2021 - ൽ മറുപടിയ്ക്ക്**

**എം.ബി.ബി.എസ് പരീക്ഷയിലെ ആൾമാറാട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ സർവ്വകലാശാല നടത്തിയ എം.ബി.ബി.എസ് പരീക്ഷയിൽ ആൾമാറാട്ടവും ക്രമക്കേടും നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കോളേജുകളിലാണ് ക്രമക്കേട് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല 2021 ജനുവരിയിൽ നടത്തിയ മൂന്നാം വർഷ M.B.B.S. Part-I Supplementary Examination January 2021 പരീക്ഷയിൽ കൊല്ലം അസീസിയ മെഡിക്കൽ കോളേജിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിവരുന്നു. |
| (ബി) | ഇതു സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണെന്നും എത്ര വിദ്യാർത്ഥികൾക്കെതിരെ നടപടി സ്വീകരിച്ചെന്നും വ്യക്തമാക്കാമോ; | (ബി) | ടി വിഷയത്തിൽ സർവ്വകലാശാല തലത്തിലുള്ള അന്വേഷണത്തിന്റെ ഒരു ഘട്ടം പൂർത്തിയായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടിൽ പങ്കുണ്ടെന്ന് കണ്ടെത്തിയ 3 വിദ്യാർത്ഥികളെ 5 പരീക്ഷാ ചാൻസുകളിൽ നിന്നും ഡീബാർ ചെയ്തിട്ടുണ്ട്. സംഭവത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവരെയും കണ്ടെത്തുന്നതിനായി അസീസിയ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ കണ്ണനല്ലൂർ പോലീസ് സ്റ്റേഷനിൽ ഫയൽ ചെയ്ത 346/2021 U/s 417, 419, 465, 468, 471 & 34 IPC കേസ് അന്വേഷണ ഘട്ടത്തിലാണ്. |
| (സി) | ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുവാൻ നിലവിലുള്ള പരീക്ഷ നടത്തിപ്പിൽ എന്തെങ്കിലും പരിഷ്കാരം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുന്നതിനായി നിലവിലുള്ള പരീക്ഷാ നടത്തിപ്പിൽ വരുത്തേണ്ട പരിഷ്കാരങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ബോർഡ് ഓഫ് എക്സാമിനേഷന്റെ ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ